പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2315 — 10.10..2011-ൽ മറുപടിക്ക്.

# തിരുവനന്തപുരം മൃഗശാലയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ. | | കുമാരി പി.കെ. ജയലക്ഷ്മി (ബഹു: പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) | |
| (എ) | തിരുവനന്തപുരം മൃഗശാലയിൽ 2011 മേയ് മുതൽ എത്ര മൃഗങ്ങൾക്കും പക്ഷികൾക്കുമാണ് ജീവഹാനി ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ; | (എ) | തിരുവനന്തപുരം മൃഗശാലയിൽ 2011 മേയ് മുതൽ ജീവഹാനി സംഭവിച്ച പക്ഷികൾ 15 എണ്ണം. മൃഗങ്ങൾ 13 എണ്ണം, ഉരഗങ്ങൾ 2 എണ്ണം എന്നിങ്ങനെ ആകെ 30 എണ്ണം |
| (ബി) | ഇവിടെ 'കേന്ദ്ര സൂ അതോറിറ്റി' അംഗീകരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണോ പക്ഷികളുടെയും മൃഗങ്ങളുടെയും കൂടുകൾ നിർമ്മിച്ചിട്ടുള്ളത്; | (ബി) | 'കേന്ദ്ര സൂ അതോറിറ്റി ' അംഗീകരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് പക്ഷികളുടെയും, മൃഗങ്ങളുടെയും കൂടുകൾ നിർമ്മിച്ചിട്ടുള്ളത്. |
| (സി) | അല്ലെങ്കിൽ ആ നിലവാരത്തിലേക്ക് കൂടുകളും മറ്റ് സൗകര്യങ്ങളും മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | പണ്ടുകാലത്ത് നിർമ്മിച്ചിട്ടുണ്ടായിരുന്ന കൂടുകളിൽ 90% ത്തോളം പുതുക്കിപണിയുകയും, പുതുതായി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പഴയ കൂടുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ കേന്ദ്ര മൃഗശാല അതോറിറ്റി നിർദ്ദേശിച്ചതനുസരിച്ച് നവീകരണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.